**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5964** **19.11.2019-ൽ മറുപടിക്ക്**

## നിലമ്പൂർ-എടക്കര ലൈനിൽ വൈദ്യുതി തകരാർ

| | ചോദ്യം<br>ശ്രീ പി.വി. അൻവർ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | നിലമ്പൂർ-എടക്കര വൈദ്യുതി ലൈനിൽ അടുത്ത കാലത്തായി നിരന്തരം വൈദ്യുതി വിതരണം നിലയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലമ്പൂർ സബ്സ്റ്റേഷനിൽ വൈദ്യുതി എത്തുന്നത് മലപ്പുറം – നിലമ്പൂർ 66 കെ.വി സിംഗിൾ സർക്യൂട്ട് ലൈനിൽ കൂടിയാണ്. ഈ ലൈൻ 110 കെ.വി ലൈൻ ആയി ശേഷി ഉയർത്തുന്ന ജോലി നടത്തുന്നതിന് വേണ്ടി പകൽ സമയങ്ങളിൽ (രാവിലെ 8 മുതൽ 6 വരെ) ഓഫ് ചെയ്യുന്നുണ്ട്. അതിനാൽ മലപ്പുറം – നിലമ്പൂർ, നിലമ്പൂർ - എടക്കര ലൈനുകളിൽ വൈദ്യുതി മുടങ്ങാറുണ്ട്. കൂടാതെ ഈ ലൈനിൽ എന്തെങ്കിലും തകരാർ ഉണ്ടാകുമ്പോഴും നിലമ്പൂർ, എടക്കര സബ്സ്റ്റേഷനുകളിൽ വൈദ്യുതി മുടങ്ങും. സമീപ പ്രദേശങ്ങളിലുള്ള 33 കെ.വി സബ്സ്റ്റേഷനുകളിൽ നിന്നും പുനക്രമീകരണം നടത്തി പരമാവധി പ്രദേശങ്ങളിൽ വിതരണം നടത്തുന്നതിന് പരിശ്രമിക്കുന്നുണ്ട്. |
| (ബി) | പ്രതികൂല കാലാവസ്ഥയില്ലാതിരുന്നിട്ടും രാത്രികാലങ്ങളിൽ നിലമ്പൂർ-എടക്കര ലൈനിൽ വൈദ്യുതി തകരാർ ഉണ്ടാകുന്നതിന്റെയും വിതരണം നിലയ്ക്കുന്നതിന്റെയും കാരണം വ്യക്തമാക്കാമോ; ആയതിന് ശാശ്വത പരിഹാരം കാണുമോ; | (ബി) | പകൽ സമയങ്ങളിൽ വൈദ്യുതി മുടങ്ങുന്നതിനാൽ, പ്രസ്തുത ജോലിക്ക് ശേഷം 66 കെ.വി ലൈൻ ചാർജ്ജ് ചെയ്യുമ്പോൾ വൈദ്യുതി ഉപയോഗം കൂടുതലാണ്. നിലവിലുള്ള 66 കെ.വി ലൈൻ വളരെ പഴക്കമുള്ളതും ശേഷി കുറഞ്ഞ മിങ്ക് കണ്ടക്ടർ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതാണ്. അതിനാൽ ഉപഭോഗം കൂടുന്ന സമയങ്ങളിൽ വൈദ്യുതി ലൈൻ താഴുകയും വൃക്ഷ ശിഖരങ്ങളുമായി ഉള്ള ക്ലിയറൻസ് കുറയുകയും ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുമൂലം ചില ദിവസങ്ങളിൽ രാത്രി വൈദ്യുതി തടസ്സം ഉണ്ടായിട്ടുണ്ട്. അങ്ങനെ ഉള്ള സ്ഥലങ്ങളിൽ പരമാവധി വൃക്ഷശിഖരങ്ങൾ മുറിച്ചു മാറ്റുകയും ലൈൻ ഉയർത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലൈനിന്റെ പഴക്കവും ശേഷികുറവും കാരണം ലൈൻ പൊട്ടി വീഴാനുള്ള സാധ്യത കൂടുതലാണ്.<br>ശാശ്വത പരിഹാരം മലപ്പുറം – നിലമ്പൂർ 66 കെ.വി ലൈൻ 110 കെ.വി ആയി ഉയർത്തുക |

| | | | |
|---|---|---|---|
| | | | എന്നുള്ളതാണ്. പ്രസ്തുത ജോലികൾ നടന്നു വരുന്നുണ്ട്. എന്നാൽ തുടർച്ചയായി എല്ലാ ദിവസവും പകൽ സമയങ്ങളിൽ വൈദ്യുതി ലൈൻ ഓഫ് ചെയ്യുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കൂടുതൽ സമയം ആവശ്യമാണ്. കൂടാതെ നിലമ്പൂർ ബൈപാസുമായി ബന്ധപ്പെട്ട് ലൈനിന്റെ അലൈൻമെന്റ് തീരുമാനിക്കപ്പെടേണ്ടതുണ്ട്. പൊതുമരാമത്തു വകുപ്പുമായി ഇക്കാര്യത്തിൽ ധാരണയാകുന്ന മുറയ്ക്ക് ഈ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. |
| (സി) | നിലമ്പൂരിൽ നിന്നല്ലാതെ മറ്റ് സബ്സ്റ്റേഷനുകളിൽ നിന്ന് എടക്കര ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുവാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | എടക്കര സബ്സ്റ്റേഷനിലേക്ക് മറ്റു ഇ.എച്ച്.ടി ലൈനുകൾ എത്തിക്കുവാൻ പ്രായോഗീക സാധ്യതയില്ല. എന്നാൽ പോത്തുകല്ലിൽ ഒരു 33 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം നടക്കുന്നുണ്ട്. അത് പൂർത്തിയായാൽ ഭാഗികമായി എടക്കര ഭാഗത്തേക്ക് 11 കെ.വി വൈദ്യുതി എത്തിക്കുവാൻ കഴിയുന്നതാണ്. |

(signature)
സെക്ഷൻ ഓഫീസർ